**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1328** **19-09-2025 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് റിംഗ് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ കൂത്തുപറമ്പ് റിംഗ് റോഡ് നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ; | (എ) | കൂത്തുപറമ്പ റിംഗ് റോഡിന്റെ ഭാഗമായിട്ടുള്ള കുട്ടിക്കുന്ന് മുതൽ പഴയ നിരത്ത് വരെ കിലോമീറ്റർ (0/000 മുതൽ 4/065 വരെയും), പഴയനിരത്ത് മുതൽ കൂത്തുപറമ്പ് വരെയും കിലോമീറ്റർ (0/000 മുതൽ 1/812 വരെയും) ഉള്ള റോഡ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അഭിവൃദ്ധി പ്പെടുത്തുന്നതിനുള്ള പ്രവൃത്തിയാണ്. പഴയനിരത്ത് - കൂത്തുപറമ്പ റോഡിൽ 1.7 കി.മീ നീളത്തിൽ ഡി.ബി.എം, ഓവുചാൽ, കലുങ്ക് എന്നീ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിക്കുകയും, കുട്ടിക്കുന്ന് - പഴയനിരത്ത് റോഡിലെ കലുങ്ക് (6 എണ്ണം), സംരക്ഷണഭിത്തി മുതലായ പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്. നിലവിൽ പ്രവൃത്തി 45% ഭാഗം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണത്തിന്റെ നിലവിലുള്ള തടസ്സങ്ങൾ, ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്നിവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | കുട്ടിക്കുന്ന് മുതൽ പഴയ നിരത്ത് വരെ 10.00 മീറ്റർ RoW ആയും പഴയനിരത്ത് മുതൽ കൂത്തുപറമ്പ് വരെ 12.00 മീറ്റർ RoW ആയും, RFCTLARR Act 2013 പ്രകാരം ഭൂമി ഏറ്റെടുത്ത് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 6(1) വിജ്ഞാപനം 03.11.2021 ലും, 4(1) വിജ്ഞാപനം 03.02.2023 ലും, 11(1) വിജ്ഞാപനം 09.08.2023 നും എൽ.എ ആക്ട് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പദ്ധതി ബാധിതർക്കുള്ള നഷ്ടപരിഹാര തുക കൈമാറുന്നതിൻറെ ഭാഗമായിട്ടുള്ള 19(1) നോട്ടിഫിക്കേഷൻ 08.11.2024-ന് പ്രസിദ്ധീകരിക്കുകയും, നഷ്ടപരിഹാരതുക കൈമാറിയതിനുശേഷം ഭൂമിയുടെ പൊസഷൻ 16.08.2025 ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) കിഫ്ബി 2 കണ്ണൂരിൽ നിന്ന് KRFB ക്ക് കൈമാറിയിട്ടുണ്ട്. ഈ കാലയളവിനുള്ളിൽ തടസ്സങ്ങൾ ഒഴിവാക്കിയുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുകയും ചെയ്തിട്ടുണ്ടായിരുന്നു. |

| | | | |
|---|---|---|---|
| | | | പൊസഷൻ കൈമാറിയിട്ടുള്ള ഭൂമിയിലുള്ള വനവകുപ്പ് നിശ്ചയിച്ചിട്ടുള്ള 6,29,239/- രൂപയുടെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുവേണ്ടി നാലുതവണ ലേലം ചെയ്തിട്ടും ആരും തന്നെ ടെണ്ടർ ഏറ്റെടുക്കാത്തത് വീണ്ടും റോഡിന്റെ വീതികൂട്ടൽ ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റുന്നതിനുവേണ്ടി ലേല നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ KSEB, KWA യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് വേണ്ടിയുള്ള തുകകൾ അതാത് കാര്യാലയങ്ങളിലെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>നിലവിൽ പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റി, KSEB, KWA യൂട്ടിലിറ്റി ഷിഫ്റ്റിംഗും പൂർത്തിയാക്കി പ്രവൃത്തി ദ്രുതഗതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | പ്രസ്തുത നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 28.02.2026 തീയ്യതി വരെ നിലവിൽ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഈ സമയപരിധിക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള സത്വരനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ